Manorama 16/3/2023

ചെറുധാന്യങ്ങളിൽ നിന്നു മൂല്യവർധിത ഉൽപന്നങ്ങൾ വിപണിയിലെത്തിച്ച് വനിതാ സംരംഭകർ

സ്വന്തം ബ്രാൻഡുമായി വനിതാ സംരംഭകർ

കെ.ബാബു

പെരിയ ● ചെറുധാന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിച്ച് മൂല്യവർധിത ഉൽപന്നങ്ങൾ സ്വന്തം ബ്രാൻഡിൽ പുറത്തിറക്കി ശ്രദ്ധ നേടുകയാണ് ജില്ലയിലെ നാലു വനിതാ സംരംഭകർ.

പെരിയയിലെ റിട്ട. അധ്യാപിക ഉഷാ നായർ, മുളിയാറിലെ രതി മോഹൻ, ഉദുമയിലെ സുഹറാബി ഫയസ്, മായിപ്പാടിയിലെ കെ.വി. രമ്യ എന്നിവരാണ് ഇന്ത്യൻ കൗൺസിൽ ഓഫ് അഗ്രികൾചറൽ റിസർച്ചിന്റെയും(ഐസിഎആർ) കാസർകോട് കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രത്തിലെ(സിപിസിആർഐ) കൃഷി വിജ്ഞാൻ കേന്ദ്രയുടെയും നേതൃത്വത്തിൽ ലഭിച്ച ഒരു വർഷത്തെ ശാസ്ത്രീയ പരിശീലനത്തിൽ ആർജിച്ചെടുത്ത ആത്മവിശ്വാസവുമായി സംരംഭക രംഗത്തേക്കു ചുവടുവയ്ക്കുന്നത്. കമ്യൂണിറ്റി സയൻസ് സമൂഹത്തിനു പ്രയോജനപ്പെടുത്തുന്നതിനൊപ്പം സ്ത്രീ ശാക്തീകരണവും ലക്ഷ്യമിട്ടായിരുന്നു സിപിസിആർഐ തിരഞ്ഞെടുക്കപ്പെട്ട വനിതകൾക്കു പരിശീലനം നൽകിയത്.

ചെറുധാന്യങ്ങളിൽ നിന്നുള്ള വനിതാ സംരംഭകരുടെ മൂല്യവർധിത ഉൽപന്നങ്ങൾ പെരിയയിലെ റിട്ട.അധ്യാപിക ഉഷാ നായർക്കു നൽകി കാസർകോട് സിപിസിആർഐ ഡയറക്ടർ ഡോ.കെ.ബാലചന്ദ്ര ഹെബ്ബാർ പുറത്തിറക്കുന്നു. സംരംഭകരായ സുഹറാബി ഫയസ്, രതി മോഹൻ, കെ.വി.രമ്യ തുടങ്ങിയവർ സമീപം

ഉൽപന്നങ്ങളിൽ വൈവിധ്യം

ചായയ്ക്കു പകരം ഉപയോഗിക്കാവുന്ന റാഗി മാൾട്ട്, മാൾട്ടി ഗ്രെയിൻ പോഷക് പൗഡർ, റിച്ച് റാഗി മിക്സ്, വിവിധതരം മുറുക്കുകൾ എന്നിവയാണ് ആദ്യഘട്ടത്തിൽ ഇവർ പുറത്തിറക്കുന്നത്. ചെറുപയർ, കടല, നിലക്കടല തുടങ്ങിയവ മുളപ്പിച്ചെടുത്തു സംസ്കരിച്ചാണ് മാൾട്ടി ഗ്രെയിൻ പോഷക് തയാറാക്കുന്നത്. ഗോതമ്പ്, തവിട് ചേർന്ന അരി, മുരിങ്ങയില തുടങ്ങിയവയും അനുബന്ധമായി ഉപയോഗിക്കുന്നു. ഇങ്ങനെ ഓരോ ഉൽപന്നവും തികച്ചും ശാസ്ത്രീയമായ രീതിയിൽ മായം ചേർക്കാതെ തയാറാക്കുന്നുവെന്നതിനാൽ പോഷകമൂല്യം 100 ശതമാനം ഉറപ്പു നൽകിയാണ് ഇവരുടെ ഉൽപന്നങ്ങൾ വിപണിയിലെത്തുന്നത്..

ഉഷാ നായർ (ഉഷാ നായർസ് നേചേർസ് ഗൈഡ്), രാമോഹോം പ്രൊഡക്ട്സ് (രതി മോഹൻ), സാറാസ് ഫുഡ്സ് (സുഹറാബി ഫയസ്), പലരി ഫുഡ് പ്രൊഡക്ട്സ് (കെ.വി.രമ്യ) എന്നിങ്ങനെ സ്വന്തം ബ്രാൻഡുകളിലെ ഉൽപന്നങ്ങളാണു വിപണിയിലെത്തുക. ഉൽപന്നങ്ങളുടെ ഓൺലൈൻ വിപണന സാധ്യതയും ഇവർ തേടുന്നുണ്ട്.

സിപിസിആർഐ കൃഷി വിജ്ഞാൻ കേന്ദ്രയിലെ ഡോ.സരിത ഹെഗ്ഡെയുടെ നേതൃത്വത്തിലായിരുന്നു പരിശീലനം. വനിതാദിനാഘോഷത്തിന്റെ ഭാഗമായി നടന്ന ചടങ്ങിൽ കാസർകോട് സിപിസിആർഐ ഡയറക്ടർ ഡോ. കെ.ബാലചന്ദ്ര ഹെബ്ബാർ ഇവരുടെ ഉൽപന്നങ്ങൾ പുറത്തിറക്കി. ചടങ്ങിൽ പരിശീലനം വിജയകരമായി പൂർത്തിയാക്കിയ വനിതാ സംരംഭകരെ ആദരിച്ചിരുന്നു. ഒഴിവു വേളകൾ വനിതകൾക്ക് എങ്ങനെ പ്രയോജനപ്പെടുത്താം എന്നതിനുള്ള ഉത്തരം കൂടിയാണ് ഈ വനിതാസംരംഭകരുടെ മുന്നേറ്റം.

ചെറുധാന്യങ്ങളിൽ നിന്നുള്ള മൂല്യവർധിത ഉൽപന്നങ്ങളുമായി വനിതാസംരംഭകരായ രതി മോഹൻ, കെ.വി.രമ്യ, സുഹറാബി ഫയസ്, ഉഷാ നായർ എന്നിവർ